**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **09-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എ. പ്രഭാകരൻ</th><th colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കി നവീകരിക്കുന്നത് എന്ന് അറിയിക്കാമോ; ഓരോ കൃഷിഭവനും അനുവദിച്ച തുകയും പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ?</td><td>(എ)</td><td>ആർ.ഐ.ഡി.എഫ്-27ൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 'പെരുവമ്പ' കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ തെരഞ്ഞെടുത്തു. 2.12 കോടി രൂപ ടി പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. കെ.എൽ.ഡി.സിയ്ക്കാണ് നിർമ്മാണ ചുമതല. സംസ്ഥാന പദ്ധതിയായി ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നിന്നും കൊടുമ്പ്, പട്ടാമ്പി എന്നീ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കി നവീകരിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ കൃഷി ഭവനും ലഭ്യമാകുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>1.</td><td>ഫ്രണ്ട് ഓഫീസ് (ഇൻഫർമേഷൻ സെന്റർ) സജ്ജീകരണം</td><td>7.5 ലക്ഷം</td></tr>
<tr><td>2.</td><td>പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിക്കൽ/നവീകരണം</td><td>5 ലക്ഷം</td></tr>
<tr><td>3.</td><td>ഡിജിറ്റൽ വിഭവ ഭൂപടം തയ്യാറാക്കലും കൃഷി ഭൂമിയുടെ വിവരങ്ങളുമായുള്ള സംയോജനവും</td><td>5ലക്ഷം</td></tr>
<tr><td>4.</td><td>കൃഷി ഭവൻ പുനരുദ്ധാരണം</td><td>10ലക്ഷം</td></tr>
<tr><td>5.</td><td>കർഷകർക്ക് സ്മാർട്ട് കാർഡ് വിതരണം</td><td>2.142 ലക്ഷം</td></tr>
<tr><td>6.</td><td>വിവര സാങ്കേതിക വിദ്യയ്ക്കുള്ള അടിസ്ഥാന സൗകര്യം</td><td>2.5 ലക്ഷം</td></tr>
<tr><td>7.</td><td>കൃഷി ഭവൻ നടത്തിപ്പിനുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം</td><td>3.57 ലക്ഷം</td></tr>
<tr><td colspan="2">ആകെ</td><td>35.712 ലക്ഷം രൂപ</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ വിഭവ ഭൂപടം തയ്യാറാക്കൽ, കർഷകർക്കുള്ള സ്മാർട്ട് കാർഡ് വിതരണം, ഡിജിറ്റൽ പ്ലാറ്റ്ഫോം എന്നിവയുടെ നിർവ്വഹണ ചുമതല കൃഷി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന IT ഡിവിഷനും, മറ്റു ഘടകങ്ങളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട കൃഷി ഓഫീസർമാർക്കും ആയിരിക്കും. |

സെക്ഷൻ ഓഫീസർ